ഉത്തരം

(എ&ബി) കുതിര മുനമ്പ് പാലം നിർമ്മാണത്തിനായുള്ള സർവ്വേയും മണ്ണ് പരിശോധനയും ഡിസൈനും പൂർത്തിയായിട്ടുണ്ട്. കളയ്ക്കൽ കവുങ്ക് വീതികൂട്ടി പുതുക്കി പണിയുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, പുതിയ എൽ.എ. ആക്ട് പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

കൊല്ലം കാഞ്ഞിരപ്പള്ളി ബൈപ്പാസുകളുടെ നിർമ്മാണം

260 (1294) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കൊല്ലം-കാഞ്ഞിരപ്പള്ളി ബൈപ്പാസുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി എത്ര രൂപ ബജറ്റ് വിഹിതത്തിൽനിന്നും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിൽ ഇ.പി.സി. വ്യവസ്ഥയിൽ നിർമ്മിക്കുന്ന കൊല്ലം ബൈപ്പാസിന് ടെണ്ടർ അടിസ്ഥാനപ്പെടുത്തിയുള്ള 352.05 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുകയും RDS-CVCC (JV) എന്ന കമ്പനിയുമായി 11-2-2015-ൽ എഗ്രിമെന്റ് വയ്ക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ബൈപ്പാസിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ നടക്കുന്നത്.

(ബി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വയനാട് ചുരം ബൈപ്പാസ് നിർമ്മാണം

261 (1295) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വയനാട് ചുരം റോഡിന് സമാന്തര ബൈപാസ് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly